# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## 07.10.2024-ൽ നല്കാനുള്ള മറുപടി

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 13

## മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനകൾ

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം | ചോദ്യം | മറുപടി |
|---|---|---|
| 13 | **ശ്രീ. ഐ. സി. ബാലകൃഷ്ണൻ (ബഹു.എം. എൽ. എ.)** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) & (ബി) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി നിയമസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനകൾ ഏതൊക്കെ; ഇതിൽ ഏതൊക്കെ | **സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി നിയമസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനകൾ അനുബന്ധം 1-ൽ ചേർക്കുന്നു. പ്രസ്താവനകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ഇതുവരെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1 – സാമൂഹ്യക്ഷേമ പെൻഷനുകൾ**<br><br>ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്. 10.09.2024-ലെ സ.ഉ(സാധാ)നം.6908/2024/ധന ഉത്തരവു പ്രകാരം, ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് **724,55,64,900/-(എഴുന്നൂറ്റി** ഇരുപത്തിനാല്വ കോടി അമ്പത്തി അഞ്ചു ലക്ഷത്തി അറുപത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയും, 11.09.2024 – ലെ സ.ഉ.(സാധാ)നം.6922/2024/ധന ഉത്തരവു പ്രകാരം സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 |

| | | |
|---|---|---|
| | നടപ്പിലാക്കി, നടപ്പാക്കിയവയ്ക്ക് എത്ര തുക അനുവദിച്ചു, നടപ്പിലാക്കാത്ത പ്രഖ്യാപനങ്ങൾ ഏതൊക്കെ; ഇവ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | ക്ഷേമനിധി ബോർഡുകൾക്ക് ഒരു മാസത്തെ പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് 97,94,91,100/- (തൊണ്ണൂറ്റിയേഴ് കോടി തൊണ്ണൂറ്റി നാലു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ കുടിശ്ശിക കൂടിയാണ് ഇനി അനുവദിക്കാനുള്ളത്. ടി കുടിശ്ശിക ഈ സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>**2 - <u>തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ</u>**<br><br>കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ **2023 ജൂലൈ മാസം** വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ടി ഇനത്തിൽ നിലവിൽ **868 കോടി രൂപ (എണ്ണൂറ്റി അറുപത്തിയെട്ട് കോടി രൂപ മാത്രം)** കുടിശ്ശിക ഉണ്ട്. ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്നതിനാൽ തന്നെ സർക്കാരിന് ഈ ഇനത്തിൽ യാതൊരുവിധ ബാധ്യതയുമില്ല.<br><br>**3 - <u>ഖാദി ഇൻകം സപ്പോർട്ട് സ്കീം</u>**<br><br>സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, മത്സ്യബന്ധനം, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി&സിഗാർ എന്നീ മേഖലകളിലെ തുച്ഛവരുമാനക്കാരായ തൊഴിലാളികൾക്ക് മിനിമം കൂലിയിൽ നിന്നുണ്ടാകുന്ന കുറവ് നികത്തുവാൻ വരുമാന സഹായം നൽകുന്നതിനായി ആരംഭിച്ച ഇൻകം സപ്പോർട്ട് പദ്ധതിക്ക് എല്ലാ വർഷവും വകയിരുത്തുന്ന തുക രണ്ട് ഗഡുക്കളായാണ് റിലീസ് ചെയ്യുന്നത്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി **2230-01-103-33-01(പി)** ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **90 കോടി** രൂപയിൽ നിന്നും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനായി ലേബർ കമ്മീഷണർ ആവശ്യപ്പെട്ട **35 കോടി** രൂപയുടെ **50%** തുകയായ **17,50,00,000/- രൂപ** ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്.<br><br>**ഉത്പാദക ബോണസും ഉത്സവബത്തയും, ഖാദി റിബേറ്റ്** എന്നിവ **continuing schemes** ആണ്. ഇവയ്ക്ക് ഈ സാമ്പത്തിക വർഷം നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

(Rs. In Crore)

| Sl. No. | Scheme/Head | BP | Fund Released |
|---|---|---|---|
| 1 | H/a 2851-00-105-96-33 Special Rebate on Retail Sale of Khadi subsidies (NP) | 15 | 4.50 |
| 2 | H/a 2851-00-105-73 Production/Festival Incentive to Khadi Spinners and Weavers (P) | 5.60 | 1.985 |

**4 – അങ്കണവാടി വർക്കേഴ്സ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്**

അങ്കണവാടി വർക്കേഴ്സ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന് അനുവദിക്കുവാനുള്ള സർക്കാർ വിഹിതത്തിൽ നടപ്പ സാമ്പത്തിക വർഷം ആദ്യ ഗഡുവായി 1.8 കോടി രൂപയും രണ്ടാം ഗഡുവായി 1.98 കോടി രൂപയും ഉൾപ്പെടെ 3.78 കോടി രൂപ '2235-02-102-89-10-NP' ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർന്ന് തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**5 – ആരോഗ്യമേഖലയിലെ കുടിശ്ശിക – കാരുണ്യ പദ്ധതി**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം 2210-06-800-81-PMJAY/KASP-State Scheme-P (Rs.546.54 കോടി), 2210-06-800-80-PMJAY/KASP-CSS (തുക വകയിരുത്തിയിട്ടില്ല), 2210-06-800-80-02-PMJAY/KASP-State Share-P (Rs.132 കോടി) എന്നീ ശീർഷകങ്ങളിലായി ആകെ 678.54 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി ഇതുവരെ 469.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 1321.69 കോടി രൂപ 2024 ജൂലൈ 3 വരെ കുടിശ്ശികയായിട്ടുണ്ടെന്ന് ED, SHA അറിയിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച നടപടി കൈക്കൊള്ളുന്നതാണ്.

അവശ്യ മരുന്ന വിതരണവുമായി ബന്ധപ്പെട്ട് വിവിധ സാമ്പത്തിക വർഷത്തിൽ കമ്പനികൾക്ക് നൽകുവാനുള്ള കുടിശ്ശിക തുകയും നടപ്പ് സാമ്പത്തിക വർഷം അധികം ആവശ്യമായി വരുന്ന തുകയും ധന പുനഃ

വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിരുന്നു. നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനു ശേഷം മരുന്നു പർച്ചേസിന്റെ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുന്ന ശുപാർശകൾ പരിശോധിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം അവശ്യ മരുന്നു സംഭരണത്തിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 356.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 240 കോടി രൂപ മൂന്ന് ഗഡുക്കളായി നൽകിയിട്ടുണ്ട്.

**6 – സപ്ലൈകോ**

2024-25 സാമ്പത്തിക വർഷം സപ്ലൈകോ മുഖേന വിപണിയിടപെടലിനായി 2408-01-102-99- Grant To Kerala State Civil Supplies Corporation Limited For Market Intervention Operations - 00-33-00-N-V എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി 205 കോടി രൂപ വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ നിന്നും അധികധനാനുമതിയായി നൽകിയ തുക ഉൾപ്പെടെ **359.29** കോടി രൂപ റിലീസ് ചെയ്യുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

നെല്ല് സംഭരണത്തിനായി നടപ്പ സാമ്പത്തിക വർഷം 2408-01-101-96-33 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 577.50 കോടി രൂപയിൽ നിന്നും 50 കോടി രൂപ ടി ആവശ്യത്തിനായി അനുവദിച്ചു. ഇതു സംബന്ധിച്ച് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് റിലീസ് സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതാണ്.

ദേശീയ ഭക്ഷ്യ സുരക്ഷാനിയമ പ്രകാരം വഹിക്കേണ്ട ചെലവുകളിൽ ട്രാൻസ്പോർട്ടേഷനും കൈകാര്യ ചെലവും ഇനത്തിൽ 55.3583856/- കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പ് കുടിശ്ശികകൾ അനുവദിക്കുന്നതിന് വിശദമായ ശിപാർശകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

പുതിയ പദ്ധതിയായ നീതി സ്റ്റോറുകളുടെ "വാതിൽപ്പടി വിതരണം " പദ്ധതിയ്ക്ക് അനുമതിയും ഫണ്ടും അനുവദിക്കുന്നതിനായി കൺസ്യൂമർഫെഡിന്റെ നിർദ്ദേശം ധനവകുപ്പ് പരിശോധിച്ചു വരുന്നു. കൺസ്യൂമർഫെഡിന് കീഴിലുള്ള ത്രിവേണി/ നീതി മാർക്കറ്റുകൾക്കു എല്ലാ ഉത്സവകാലങ്ങളിലും സബ്സിഡി വിപണി നടത്തുന്നതിന് ധന സഹായം അനുവദിച്ചു വരുന്നു.

## 7 - കരാറുകാർക്കുള്ള കുടിശ്ശിക

കരാറുകാർക്കുള്ള കുടിശ്ശിക സംബന്ധിച്ച് നാളിതുവരെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | July 2024 | | | | August 2024 | | | | September 2024 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Expected Amount | Expected Date | Actual Amount | Actual Date | Expected Amount | Expected Date | Actual Amount | Actual Date | Expected Amount | Expected Date | Actual Amount | Actual Date |
| LOC | 127.11 Cr | 23/07/24 | 127.11 Cr | 23/07/24 | 166.68 Cr | 22/08/24 | 166.68 Cr | 22/08/24 | 174.53 Cr | 13/09/24 | 174.53 Cr | 13/09/24 |
| Irrigation | 12.53 Cr | 15/07/24 | 12.53 Cr | 15/07/24 | 7.35 Cr | 16/08/24 | 7.35 Cr | 16/08/24 | 5.28 Cr | 18/09/24 | 5.28 Cr | 18/09/24 |
| Non LOC | 404.78 Cr | 18/07/24 | 404.78 Cr | 18/07/24 | 287.10 Cr | 16/08/24 | 287.10 Cr | 16/08/24 | 556.55 Cr | 19/09/24 | 556.55 Cr | 19/09/24 |

## 8 – സ്കോളർഷിപ്പ് വിതരണം

മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് 2405-00-121-97-12 നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും 8,46,295/- രൂപ, അനുവദിക്കുന്നതിനായി ടി ശീർഷകത്തിന്റെ സീലിങ്ങ് പരിധി 20.31% ആയി ഉയർത്തി നല്കിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് -പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | കുടിശ്ശിക തുക | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| പോസ്റ്റ് മെട്രിക സ്കോളർഷിപ്പ് - പട്ടിക ജാതി വിദ്യാർത്ഥികൾ | 3,18,00,00,000 | 2,08,00,00,000 | 100 കോടി അധിക തുകയായി വകയിരുത്തുന്നത് സംബന്ധിച്ച ശിപാർശ ധനവകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്- പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ | 49,57,31,224 | 45,77,02,533 | നടപ്പ വർഷം വകയിരുത്തിയ പ്രൊവിഷനിൽ നിന്ന് പൂർണ്ണമായും കൊടുത്തു തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| പ്രീ-മെട്രിക സ്കോളർഷിപ്പ് (9-10 ക്ലാസ്) പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ | 2,40,13,250 | 1,79,36,500 | " |
| പ്രീ-മെട്രിക് സ്കോളർഷിപ്പ്- പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ | 21,54,45,620 | 20,72,92,695 | " |

## 9 - മറ്റ് ധനസഹായങ്ങൾ

'വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ആനുകൂല്യങ്ങൾക്കായി 2406-02-110-99- Measures to Reduce Man-Animal Conflict (Plan) എന്ന ബഡ്ജറ്റ് ഹെഡിൽ 722.208 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും, ആയത് നിലവിലെ വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ട പരിഹാര തുകയുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി അതത് സർക്കിളുകൾക്ക് ചീഫ് വൈൽഡ്ലൈഫ് വാർഡൻ വിതരണം നടത്തിയിട്ടുള്ളതുമാണ്.

നോൺ പ്ലാൻ ഫണ്ട് മുഖേന ആരോഗ്യ വകുപ്പിന് കീഴിൽ നിർദ്ധനരായ ക്യാൻസർ, ലെപ്രസി ക്ഷയം രോഗികൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. ക്യാൻസർ രോഗം ബാധിച്ച നിർദ്ധനരായ രോഗികൾക്ക് പ്രതിമാസം ആയിരം രൂപ നിരക്കിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകി വരുന്നു. കുഷ്ഠരോഗികൾക്കുള്ള ധനസഹായം വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ള രോഗികൾക്ക് നൽകി വരുന്നു. പിബി കേസുകൾക്ക് ആറു മാസത്തേക്ക് പ്രതിമാസം ആയിരം രൂപയും എം ബി കേസുകൾക്ക് 12 മാസത്തേക്ക് പ്രതിമാസം ആയിരം രൂപയും നൽകുന്നു. 2024-25 സാമ്പത്തിക വർഷം നിർദ്ധനരായ കുഷ്ഠരോഗികൾക്ക് ധനസഹായം നൽകുന്നതിലേക്കായി 20,00,000/- രൂപയും ക്യാൻസർ രോഗികൾക്ക് 30,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള ക്ഷയരോഗികൾക്ക് അതാത് ആരോഗ്യകേന്ദ്രത്തിലെ

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം ചികിത്സാ കാലയളവിൽ സംസ്ഥാന റവന്യൂവകുപ്പ് വഴി ടി ബി പെൻഷൻ നൽകി വരുന്നുണ്ട്. നിർധനരായ ക്ഷയരോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ഓരോ വർഷവും നോൺപ്ലാൻ ഫണ്ട് അനുവദിച്ചുവരുന്നു. 2024-2025 സാമ്പത്തിക വർഷം നിർദ്ധനരായ ക്ഷയരോഗികൾക്ക് ധനസഹായം നൽകുന്നതിലേക്കായി 7,47,000/-രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ ടിബി ഓഫീസർമാരും സമർപ്പിക്കുന്ന അർഹരായ, സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ക്ഷയരോഗികൾക്ക് ധനഹായം നൽകി വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അർഹരായവർക്ക് ധനസഹായം നൽകി വരുന്നതിനാൽ ഈയിനത്തിൽ കുടിശ്ശിക ഇല്ലായെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>'യൂണിഫോം വിതരണത്തിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾക്കുള്ള കൂലിയും റിബേറ്റും' എന്ന ഇനത്തിന് 30 കോടി രൂപ റിലീസ് ചെയ്യുന്നതിന് 09.09.2024 തീയതിയിലെ സ.ഉ.(സാധാ) നം.860/2024/ID ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>നടപ്പ് സാമ്പത്തിക വർഷം നെൽകൃഷി മേഖലയിലെ പമ്പിങ് കോൺട്രാക്ടർമാർക്ക് സബ്സിഡി ഇനത്തിൽ 15,75,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഉത്തര മലബാറിലെ ക്ഷേത്ര ആചാര സ്ഥാനികർ/ കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി ഇനത്തിൽ നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയ 5,30,00,000/-രൂപയിൽ 1,60,60,800/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്താവനയിലെ മറ്റു ഇനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരുന്നു.<br><br>**10 – <u>ലൈഫ് മിഷൻ</u>**<br><br>ലൈഫ് മിഷനുമായി ബന്ധപ്പെട്ട് 4217-60-051-95 - Total Housing Scheme - Urban (Life -Parppida Mission) ശീർഷകത്തിൽ 27 കോടി രൂപയും 4515-00-102-49-Total Housing Scheme - Rural (Life -Parppida Mission) ശീർഷകത്തിൽ 127.82 കോടി രൂപയും, 2217-80-800-62- Interest Subsidy to KURDFC towards the Loan Availed from HUDCO for the Implementation of Life-Parppida Mission Scheme ശീർഷകത്തിൽ 33.73 കോടി രൂപയും 2515-00-102-30 Interest Subsidy to KURDFC towards the Loan Availed from HUDCO for the Implementation of Life-Parppida Mission Scheme ശീർഷകത്തിൽ 125.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

11 – **പെൻഷൻ പരിഷ്കരണ കുടിശ്ശിക**

പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശികകയുടെ നൽകുവാൻ അവശേഷിക്കുന്ന നാലാം ഗഡു മാത്രമാണ് ഇനി അനുവദിക്കാനുള്ളത്. പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശികയുടെ നാലാം ഗഡു 2024-25 സാമ്പത്തിക വർഷം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

12 – **സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുവാനുള്ള ഡി.എ./ഡി.ആർ. ശമ്പള പരിഷ്കരണ കുടിശ്ശിക**

11.03.2024-ലെ സ.ഉ.(പി) നം.16/2024/ധന, 12.03.2024-ലെ സ.ഉ.(പി) നം.17/2024/ധന എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനകാർക്കും പെൻഷൻകാർക്കും 2024 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം / പെൻഷനോടൊപ്പം ഒരു ഗഡു ക്ഷാമബത്ത / ക്ഷാമാശ്വാസം അനുവദിച്ചിരുന്നു. ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

സേവനത്തിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു.

13 – **വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകൾ**

**കാസർഗോഡ് പാക്കേജ്**

കാസറഗോഡ് വികസന പാക്കേജിന്റെ പദ്ധതി നിർവ്വഹണത്തിനായി 70.00 കോടി രൂപയും Administrative ചെലവുകൾക്കായി ആകെ 5.00 കോടി രൂപയുമാണ് 2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അതിൽ പദ്ധതി നിർവ്വഹണത്തിന് വകയിരുത്തിയ 70.00 കോടി രൂപയിൽ ഇതുവരെ ചെലവഴിക്കാൻ അനുമതി ലഭിച്ച 21.00 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട 1031 പേരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.07.2024-ൽ ഒരു യോഗം ചേരുകയും, ഇവരെ മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിച്ചുകൊണ്ട് അർഹരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനമാകുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കാസർഗോഡ് ജില്ലാ കളക്ടർ എന്നിവരെ

ച്ചമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരായ 1031 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായി ആരോഗ്യ/ സാമൂഹ്യനീതി വകുപ്പുകൾ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ആയതിന് അംഗീകാരം നൽകി ധനസഹായം നൽകുന്ന നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കുന്നതാണ്.

**<u>ഇടുക്കി പാക്കേജ്</u>**

ഇടുക്കി ജില്ലയിൽ ഏലം കൃഷിക്ക് സംഭവിച്ചിട്ടുള്ള കൃഷി നാശം കണക്കിലെടുത്ത് SDMF (State Disaster Mitigation Fund) -ൽ ഉൾപ്പെടുത്തി നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായി ഒരു കോടി രൂപയുടെ പ്രൊപ്പോസൽ കൃഷി ഡയറക്ടറുടെ പരിഗണനയിലാണ്.

**<u>വയനാട് പാക്കേജ്</u>**

വയനാട് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ജില്ലയുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് 2022-23 സാമ്പത്തികവർഷം മുതൽ വയനാട് പാക്കേജ് നടപ്പിലാക്കി വരുന്നു. പാക്കേജിനു കീഴിൽ ഇതുവരെ 68.58 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 5.60 കോടി രൂപ ചെലവഴിക്കുകയും 62.42 ലക്ഷം രൂപയുടെ ബിൽ പേയ്മെന്റിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം വയനാട് പാക്കേജിനായി 75.00 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പാക്കേജിലുൾപ്പെടുത്തിയുള്ള പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**<u>കുട്ടനാട് പാക്കേജ്</u>**

കുട്ടനാട് മേഖലയുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തേണ്ട long term, medium term, 18 മാസത്തിനുള്ളിൽ എന്നിങ്ങനെ പൂർത്തിയാക്കാൻ കഴിയുന്ന മുൻഗണനാ പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണവകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികളിന്മേൽ തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷം 2711, 4711 എന്നീ മേജർ ശീർഷകങ്ങളിലായി 203 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**14 – ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം**

ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം സംബന്ധിച്ച കരട് പദ്ധതി രേഖ പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാവും.

**15 – ജലജീവൻ മിഷൻ**

പദ്ധതി നടപ്പിലാക്കി വരികയാണ്. കേന്ദ്രവും സംസ്ഥാനവും 50:50 അനുപാതത്തിൽ ചെലവ് പങ്കിടുന്ന കേന്ദ്ര ആവിഷ്കൃത പദ്ധതിയായ ജല ജീവൻ മിഷൻ (ജെ ജെ എം) പദ്ധതിക്ക് 2019 മുതൽ നാളിതുവരെ സംസ്ഥാന വിഹിതമായി 5152.5124 കോടി രൂപ അനുവദിച്ചിട്ടുണ്ട് (2024-25 സാമ്പത്തിക വർഷത്തിൽ നൽകിയ 571.1624 കോടി രൂപ ഉൾപ്പെടെ). കേന്ദ്ര വിഹിതം റിലീസ് ചെയ്യുന്ന മുറയ്ക്ക് ആനുപാതിക സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നു. കേന്ദ്ര വിഹിതത്തിന് ആനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്.

ജല ജീവൻ മിഷനായി കടമെടുപ്പ് പരിധിക്ക് ഉപരിയായി 17,500 കോടി രൂപ അധിക കടമെടുപ്പ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നത് സംബന്ധിച്ച വിഷയം ഈ വകുപ്പ് പരിശോധിച്ച് വരികയാണ്.

**16 – തരംമാറ്റം അനുവദനീയമായ ഭൂമിയിൽ 1.291 ച.അടി വരെ വീട് നിർമ്മിക്കുന്നതിന് അനുമതിക്ക് നടപടിക്രമങ്ങളിൽ ഇളവ്**

വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ